**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3082** | **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയിലെ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടൽ മത്സ്യബന്ധന മേഖലയിൽ ഇരുന്നൂറ് നോട്ടിക്കൽ മൈൽ വരെയുള്ള എക്സ്ക്ലൂസീവ് ഇക്കോണമി സോണിൽ മത്സ്യബന്ധനത്തിന് സബ്സിഡി പാടില്ലായെന്ന് അന്താരാഷ്ട്രതലത്തിൽ ഡബ്ല്യു.റ്റി.ഒ. യുടെ നിർദ്ദേശം വരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കടൽ മത്സ്യബന്ധന മേഖലയിൽ ഇരുന്നൂറ് നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നൽകുന്ന സബ്സിഡി നിരോധിയ്ക്കാനല്ല നിർദ്ദേശിച്ചിരിക്കുന്നത്. പകരം IUU ഫിഷിംഗ്(Illegal Unreported and Unregulated fishing), ഓവർ ഫിഷ്ഡ് സ്റ്റോക്സ്, ഓവർ ഫിഷിംഗ് ആൻഡ് ഓവർ കപ്പാസിറ്റി എന്നീ 3 കാറ്റഗറിയിൽ വരുന്നതും 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെ സബ്സിഡി നിർത്തലാക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ WTO യുമായി ധാരാളം ചർച്ചകൾ നടത്തി വരുന്നു. 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധന യാനങ്ങൾ മൽസ്യബന്ധനം നടത്തുന്നത് IUU fishing, Over fished stocks, Over fishing and Over Capacity ആണോ എന്ന് മനസ്സിലാക്കുന്നതിനു നിലവിൽ പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. നിരീക്ഷണത്തിനുള്ള ശരിയായ സംവിധാനം ഉള്ളപ്പോൾ മാത്രമേ ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയൂ . ഇത്തരം സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു 2 മുതൽ 5 വർഷം വരെ വേണ്ടിവരുമെന്നും ആയതിനു മതിയായ സമയം അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി വെസൽ ട്രാക്കിംഗ് ഉപകരണം, സ്ക്വയർ മെഷ്, TED, മെഷ് സൈസ് റെഗുലേഷൻ, ഗിയർ സൈസ് റെഗുലേഷൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ തുടങ്ങി നിരവധി വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കെ.എം.എഫ്.ആർ നിയമത്തിലും ചട്ടങ്ങളിലും 2017, |

| | | | |
|---|---|---|---|
| | | | 2018 വർഷങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന ടെറിട്ടോറിയൽ ലിമിറ്റിൽ ഇത് ബാധകമാക്കരുതെന്നും, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി മോട്ടോറൈസേഷൻ സബ്സിഡി, ഗിയർ സബ്സിഡി എന്നിവ തുടർന്നും നിലനിർത്തണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ആശങ്കകൾ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവസാനമായി 20/06/2021 ൽ കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI യുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട്  റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അന്താരാഷ്ട്രതലത്തിൽ ഇല്ലീഗൽ അൺ റഗുലേറ്റഡ്, അൺ റിപ്പോർട്ടഡ് എന്ന പേരിൽ വ്യാഖ്യാനിക്കപ്പെടുന്ന മീൻപിടുത്തം നിയന്ത്രിക്കുന്നതിനെന്ന പേരിൽ കൊണ്ടുവരുന്ന ഈ നിയമം സംബന്ധിച്ച് സംസ്ഥാനത്തിനുള്ള ആശങ്കകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കടൽ മത്സ്യബന്ധന മേഖലയിൽ ഇരുന്നൂറ് നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നൽകുന്ന സബ്സിഡി നിരോധിയ്ക്കാനല്ല നിർദ്ദേശിച്ചിരിക്കുന്നത്. പകരം IUU ഫിഷിംഗ്(Illegal Unreported and Unregulated fishing), ഓവർ ഫിഷ്ഡ് സ്റ്റോക്സ്, ഓവർ ഫിഷിംഗ് ആൻഡ് ഓവർ കപ്പാസിറ്റി എന്നീ 3 കാറ്റഗറിയിൽ വരുന്നതും 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെ സബ്സിഡി നിർത്തലാക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ WTO യുമായി ധാരാളം ചർച്ചകൾ നടത്തി വരുന്നു. 200 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധന യാനങ്ങൾ മൽസ്യബന്ധനം നടത്തുന്നത് IUU fishing, Over fished stocks, Over fishing and Over Capacity ആണോ എന്ന് മനസ്സിലാക്കുന്നതിനു നിലവിൽ പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. നിരീക്ഷണത്തിനുള്ള ശരിയായ സംവിധാനം ഉള്ളപ്പോൾ മാത്രമേ ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയൂ . ഇത്തരം സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിനു 2 മുതൽ 5 വർഷം വരെ വേണ്ടിവരുമെന്നും ആയതിനു മതിയായ സമയം അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി വെസൽ ട്രാക്കിംഗ് ഉപകരണം, സ്ക്വയർ മെഷ്, TED, മെഷ് സൈസ് റെഗുലേഷൻ, ഗിയർ സൈസ് റെഗുലേഷൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ തുടങ്ങി നിരവധി വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കെ.എം.എഫ്.ആർ നിയമത്തിലും ചട്ടങ്ങളിലും 2017, 2018 വർഷങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന ടെറിട്ടോറിയൽ ലിമിറ്റിൽ ഇത് ബാധകമാക്കരുതെന്നും, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി മോട്ടോറൈസേഷൻ സബ്സിഡി, ഗിയർ സബ്സിഡി എന്നിവ തുടർന്നും നിലനിർത്തണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ആശങ്കകൾ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അവസാനമായി 20/06/2021 ൽ കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI യുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കടൽമത്സ്യ ചൂഷണത്തിന്റെ തോത് അധികരിക്കാതെ നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR നിയമം പരിഷ്കരിച്ചു ട്രോൾ നെറ്റുകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും , 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ ( കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ് സീൻ , പെലാജിക് ട്രോൾ , മിഡ് വാട്ടർ ട്രോൾ , പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർധിച്ച പിഴ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത ആലപ്പുഴ , തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ 4 ജില്ലകളിൽ അവ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ജീവനക്കാരുടെ തസ്തികകളും അനുവദിച്ചിട്ടുണ്ട്. . മത്സ്യത്തൊഴിലാളി അവകാശ |

| | | | |
|---|---|---|---|
| | | | സംരക്ഷണത്തിന്റെ കരട് തയ്യാറാക്കുന്നതിലേക്കായി കമ്മിറ്റി രൂപീകരിക്കുകയും കരട് നിയമം തയ്യാറാക്കി കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ നൽകുന്നതിനും അവർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനുമായി “2021 ലെ കേരള മത്സ്യസംഭരണവും, വിപണനവും, ഗുണനിലവാര പരിപാലനവും ആക്റ്റ്” നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ